(എഫ്) (1&2) ഈ ഹാർബറിൽനിന്നും കയറ്റുമതി ചെയ്യുന്ന മത്സ്യം സംബന്ധിച്ച കണക്കുകൾ ഈ വകുപ്പിൽ ലഭ്യമല്ല.

(3) 2011 മേയ് മാസത്തിനുശേഷം പലതവണ ഹാർബറിൽ മണ്ണ് അടിഞ്ഞിട്ടുണ്ട്.

(4) 42000 ക്യൂബിക്ക് മീറ്റർ മണൽ നീക്കം ചെയ്യുന്നതിനായി 6/2012-ൽ ഭരണാനുമതി നൽകിയതുപ്രകാരം ദർഘാസ് ക്ഷണിച്ച് മണൽ നീക്കം ചെയ്യുകയുണ്ടായി. വീണ്ടും ക്രമാതീതമായി മണ്ണടിഞ്ഞതിനാൽ 92000 ക്യൂബിക്ക് മീറ്റർ മണൽ നീക്കം ചെയ്യുന്നതിനായി ദർഘാസ് ക്ഷണിച്ച് ഇപ്പോൾ ട്രാവൻകൂർ സിമന്റ് ലിമിറ്റഡ്, കോട്ടയം എന്ന സർക്കാർ സ്ഥാപനം മുഖാന്തരം ഡ്രഡ്ജിംഗ് നടപ്പാക്കിവരുന്നു.

(5) മണൽ അടിയുന്നതിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള പരിഹാരം കൂടി ഉൾകൊള്ളിച്ചാണ് CWPRS ഇപ്പോൾ പഠന റിപ്പോർട്ട് നൽകിയിട്ടുള്ളത്. പഠന റിപ്പോർട്ട് പ്രകാരം നിലവിലുള്ള തെക്കേ പുലിമുട്ട് 420 മീറ്റർ നീട്ടുന്നതിനും ഇപ്പോഴുള്ള വടക്കേ പുലിമുട്ടിന് സമാന്തരമായി 300 മീറ്റർ അകലത്തിൽ 436 മീറ്റർ നീളത്തിൽ മറ്റൊരു പുലിമുട്ടുകൂടി നിർമ്മിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

മത്സ്യസമൃദ്ധി പദ്ധതി

141 (145) ശ്രീ. എ. പ്രദീപ്കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യസമൃദ്ധി പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) 2014-15 വർഷത്തിൽ പ്രസ്തുത പദ്ധതികൾക്കായി ഓരോ ജില്ലയിലും നീക്കിവെച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇതിൽ എത്ര തുക വീതം ഓരോ ജില്ലയിലും ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികളിൽ ഓരോ ജില്ലയിലും പൂർണ്ണമായും നടപ്പാക്കാതെ അവശേഷിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

326/2021

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യസമൃദ്ധി പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ജില്ലകളിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

- കുളത്തിലേയും ഇതര ജലസംഭരണികളിലെയും ശുദ്ധജല മത്സ്യ കൃഷി.
- പാടശേഖരങ്ങളിലെയും കോൾ പാടങ്ങളിലെയും മത്സ്യ/ആറ്റു കൊഞ്ച് കൃഷി, സംയോജിത മത്സ്യകൃഷി.
- പൊക്കാളി/കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻകൃഷി.
- കരിമീൻ വിത്തുപരിപാലന വിപ്ലവ യൂണിറ്റുകൾ (പി.എസ്. ആർ.യു).
- കുളങ്ങളിലെ കരിമീൻകൃഷി.
- കൂടുകളിലെ കരിമീൻകൃഷി.
- അടുക്കള കുളത്തിലെ കരിമീൻകൃഷി.
- ഞണ്ട് കൊഴിപ്പിക്കൽ/കൃഷി.
- കല്ലുമ്മേക്കായ കൃഷി.
- പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
- മത്സ്യകൃഷി പരിശീലന/ബോധവത്കരണ പരിപാടികൾ.
- സൗജന്യവിള ഇൻഷ്വറൻസ്.
- മികച്ച മത്സ്യകർഷകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന അവാർഡ്.
- മത്സ്യകൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനം.
- മത്സ്യതീറ്റ സബ്സിഡി വിതരണം.

മേൽവിവരിച്ച പദ്ധതി ഘടകങ്ങൾ ജില്ലകളിൽ പൂർണ്ണമായും നടപ്പിലാക്കി.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ മത്സ്യസമൃദ്ധി പദ്ധതിക്കുവേണ്ടി ഓരോ ജില്ലയിലും നീക്കിവച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ജില്ല	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1	തിരുവനന്തപുരം	55	55
2	കൊല്ലം	92	92
3	പത്തനംതിട്ട	44	44
4	ആലപ്പുഴ	385	385
5	കോട്ടയം	70	70
6	ഇടുക്കി	40.06	40.06
7	എറണാകുളം	80	80
8	തൃശ്ശൂർ	156	156
9	പാലക്കാട്	108	108
10	മലപ്പുറം	85	85
11	കോഴിക്കോട്	40	40
12	കണ്ണൂർ	66.5	66.5
13	വയനാട്	25	25
14	കാസർഗോഡ്	20	20
	ആകെ	1267.1	1267.1

മുൻ ബാക്കിയുൾപ്പെടെ 454.05 ലക്ഷം രൂപയും കൂടി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2014-15 വർഷത്തിൽ ചെലവഴിച്ചു.

(സി) എറണാകുളം ജില്ലയിൽ പൊക്കാളി പാടങ്ങളിൽ നെൽകൃഷി ചെയ്ത കർഷകർ മാത്രമേ ചെമ്മീൻ കൃഷി ചെയ്യാൻ പാടുള്ളൂവെന്ന് ജില്ലാ കളക്ടർ ഉത്തരവ് നൽകിയതിനാൽ ആകെ ടാർജറ്റ് ചെയ്തിരുന്ന 1182 ഹെക്ടർ ചെമ്മീൻ കൃഷിയിൽ 207.979 ഹെക്ടർ മാത്രമേ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.